I/37090/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
**Consumer Helpline Number**
**1916 [24X7] [Toll Free]**
**1916cckwa@gmail.com**

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

**മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ: Bhandari Swagat Ranveerchand IAS**

വിഷയം: കേരള വാട്ടർ അതോറിറ്റി - ഭരണ നിർവ്വഹണം - ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിന്മേലുള്ള പരാതികൾ പരിശോധിക്കാനായി അനോമിലി കമ്മിറ്റി പുനഃ സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

---

നമ്പർ. **36173/E1/2022/KWA** തീയതി: **11-12-2023**

---

പരാമർശം:
1. സർക്കാർ ഉത്തരവ് **GO (P) No. 23/2022/WRD** തീയതി **25.10.2022**
2. **15.12.2022** ൽ ചേർന്ന **430** - മത് അതോറിറ്റി യോഗത്തിലെ **11265** - മത് തീരുമാനം
3. **20.01.2023** ലെ ഇതേ നമ്പർ നടപടി ക്രമം.
4. വിവിധ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങൾ

**ഉത്തരവ്**

പതിനൊന്നാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് സൂചന **1** പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ അപാകതകൾ കടന്ന് കൂടിയിട്ടുണ്ട് എന്നും, ഇവ അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തണമെന്നും ആവശ്യപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ സംഘടനകൾ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യം **15.12.2022** ൽ ചേർന്ന **430** - മത് അതോറിറ്റി യോഗം പരിഗണിക്കുകയും, പതിനൊന്നാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് സംബന്ധിച്ച് അതോറിറ്റിയുടെ മുൻപാകെ വരുന്ന അപേക്ഷകൾ പരിശോധിക്കാനും, അവ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കാനും സൂചന **3** പ്രകാരം അനോമിലി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് **07.08.2023** ൽ നടന്ന **482** - മത് ബോർഡ് യോഗം മുൻപാകെ സമർപ്പിക്കുകയും, യോഗത്തിലെ **11292** മത് തീരുമാന പ്രകാരം പ്രസ്തുത റിപ്പോർട്ട് **05.09.2023** ന് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച അനോമലി ഉൾപ്പെട്ടിട്ടില്ല എന്ന് ഓഫീസേഴ്സ് സംഘടനകൾ ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ സൂചന **3** പ്രകാരം രൂപീകരിച്ച അനോമലി കമ്മിറ്റി താഴെ പറയും വിധം പുനഃസംഘടിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ. സജിത് കുമാർ എസ്. എസ്, അക്കൗണ്ട്സ് മാനേജർ - ചെയർമാൻ.

I/37090/2023

2. ശ്രീമതി നിഷ ബി വി, അക്കൗണ്ട്സ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ & എസ്റ്റാബ്ലിഷ്മെന്റ്) - കൺവീനർ
3. ശ്രീ. ദിലീപ് കുമാർ , അക്കൗണ്ട്സ് ഓഫീസർ (പേ സ്ലിപ് & പെൻഷൻ)
4. ശ്രീ. ജോയ്. എച്ച്. ജോൺസ്, അസി. എക്സി. എൻജിനീയർ, ജലഭവൻ,
5. ശ്രീ. ബിജു കുമാർ കെ, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, (പേ സ്ലിപ് & പെൻഷൻ).
6. ശ്രീ. രാജേഷ് എസ്. എക്സി. എൻജിനീയർ, പ്രോജക്ട് ഡിവിഷൻ, കൊച്ചി.
7. ശ്രീ. സന്തോഷ് കുമാർ കെ, ജൂനിയർ സൂപ്രണ്ട് (അഡ്മിനിസ്ട്രേഷൻ)
8. ശ്രീ രാഗേഷ് ബി, ജൂനിയർ സൂപ്രണ്ട് (അക്കൗണ്ട്സ്)
9. ശ്രീമതി അനു.എ.ജോസഫ്, ഹെഡ് ക്ലാർക്ക്, ജി സ്പാർക്.
10. ശ്രീ. കൃഷ്ണകുമാർ എസ് എസ്, യു ഡി ക്ലർക്ക്, ഫണ്ട്സ് സെക്ഷൻ.

ശമ്പള പരിഷ്ക്കരണ ഉത്തരവ് സംബന്ധിച്ച പരാതികൾ **23.12.2023** വൈകുന്നേരം **5** മണിക്ക് മുൻപായി അനോമിലി കമ്മിറ്റി ചെയർമാൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് എല്ലാ യൂണിയൻ പ്രതിനിധികളുമായും **30.12.2023** ന് മുൻപായി സംഘടനകളുമായി ചർച്ചകൾ നടത്തേണ്ടതും, അഭിപ്രായങ്ങൾ ക്രോഡീകരിച്ച് **04.01.2024** ന് മുൻപായി ചീഫ് എൻജിനീയർ (എച്ച് ആർ ഡി & ജനറൽ) - ന് സമർപ്പിക്കേണ്ടതുമാണ്. നിലവിൽ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടും കമ്മിറ്റിയുടെ പരിശോധനക്കായി ലഭ്യമാക്കുന്നതാണ്. അതിന്മേൽ കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ, അതും പുതിയ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. മേല്പറഞ്ഞ സമയക്രമം യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ല.

Signed by
Bhandari Swagat Ranveerchand Ias
Date: 11-12-2023 15:47:15
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ് എല്ലാ കമ്മിറ്റി അംഗങ്ങൾക്കും.

പകർപ്പ്
**1. PA to MD / PA to TM / CA to CE(HRD&GL) / CA to DCE(GL) / CA to SR AO / AO(Admn&Est) / AO(Funds) / AO(Pay Slip & Pension) / SS(Admn) / JS (Admn) / File / SF.**
**2. To official Website**